ആഡംബര കാറുകളും ഉൾപ്പടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ലഹരി വസ്തുക്കളുടെ നിർമ്മാണം, വിൽപന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും ലഹരി വസ്തുക്കളുടെ വിൽപനക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജൂൺ 15 മുതൽ ജൂലൈ 15 വരെ "ഓപ്പറേഷൻ മൺസൂൺ" എന്ന പേരിൽ തീവ്ര എൻഫോഴ്സ്മെന്റ് ഡ്രൈവ് നടപ്പിലാക്കിയിരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായി എല്ലാ മാസവും എക്സൈസ് കമ്മീഷണർ മാസാവലോകന യോഗം കൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തിവരുന്നുണ്ട്.

(ബി) വീടുകൾ കേന്ദ്രീകരിച്ച് വ്യാജമദ്യ വിൽപന റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. വ്യാജമദ്യ നിർമ്മാണത്തിലും വിപണനത്തിലും ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്കെതിരെ നിലവിലുള്ള വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ബിയർ - വൈൻ പാർലറുകൾ

78 (4412) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയം പ്രഖ്യാപിച്ചശേഷം എത്ര ബിയർ-വൈൻ പാർലറുകൾ തുടങ്ങിയിട്ടുണ്ട് ;

(ബി) ബാറുകളും ബിയർ-വൈൻ പാർലറുകളും തമ്മിലുള്ള വ്യത്യാസം എന്താണ് ;

(സി) ബാറുകൾക്ക് ബാധകമായ നിയന്ത്രണങ്ങൾ ബിയർ-വൈൻ പാർലറുകൾക്കും ബാധകമാണോ ;

(ഡി) ബിയർ-വൈൻ പാർലറുകളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന്റെ പ്രായപരിധി എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആരാധനാലയങ്ങളുടെ ദൂരപരിധി ഇവയുടെ കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ടോ ?

ഉത്തരം

(എ) പുതിയ മദ്യ നയം പ്രഖ്യാപിച്ച ശേഷം 688 ബിയർ-വൈൻ പാർലറുകൾ തുടങ്ങിയിട്ടുണ്ട്.

(ബി) ബാറുകളിൽ ഭക്ഷണത്തോടൊപ്പം എല്ലായിനത്തിൽപ്പെട്ട വിദേശ മദ്യങ്ങളും വിൽപന നടത്താവുന്നതാണ്. എന്നാൽ ബിയർ-വൈൻ പാർലറുകളിൽ ഭക്ഷണത്തോടൊപ്പം ബിയറും വൈനും മാത്രമേ വിൽപന നടത്താവൂ.

(സി) നിലവിൽ ബാർ ലൈസൻസുകൾ പഞ്ചനക്ഷത്രവും അതിനുമുകളിലും നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്കുമാത്രമേ അനുവദിക്കുകയുള്ളൂ. ബിയർ-വൈൻ പാർലറുകൾ 3 നക്ഷത്ര പദവി മുതൽ മുകളിലോട്ട് പദവിയുള്ള ഹോട്ടലുകൾക്കും വിനോദ സഞ്ചാര മേഖലയായി നികുതി വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ സംസ്ഥാന ടൂറിസം വകുപ്പിന്റെ ക്ലാസിഫൈഡ് റസ്റ്റോറന്റ് സർട്ടിഫിക്കറ്റ് ഉള്ള ഹോട്ടലുകൾക്കും മാത്രമേ പുതുതായി അനുവദിക്കുകയുള്ളൂ. ഒബ്സർവേഷണബിൾ സൈറ്റിൽ നിന്നുള്ള ദൂരപരിധി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപപത്രം തുടങ്ങിയ നിയന്ത്രണങ്ങൾ ബാർ ഹോട്ടലുകൾക്കും ബിയർ-വൈൻ പാർലറുകൾക്കും ബാധകമാണ്.

(ഡി) ബിയർ-വൈൻ പാർലറുകളിൽ നിന്നും ബിയറും വൈനും വാങ്ങാൻ കുറഞ്ഞത് 21 വയസ്സ് പ്രായം വേണമെന്നാണ് നിലവിലുള്ള നിയമം.

(ഇ) ആരാധനാലയങ്ങളിൽ നിന്നുള്ള ദൂരപരിധി ബിയർ-വൈൻ പാർലറുകൾ അനുവദിക്കുന്ന കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്.

അബ്കാരി കുടിശ്ശിക

79 (4413) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരി കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി നിൽപുണ്ടോ ; ഇതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly